# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 174 — 11.06.2012-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. റ്റി.വി.രാജേഷ്

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## ട്രഷറി സേവിംഗ്സ് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ

| | | |
|---|---|---|
| (എ) | 29.06.2010-ലെ ധനകാര്യ (ബഡ്ജറ്റ് എ) വകുപ്പിന്റെ ജി.ഒ.(ആർ.റ്റി.) നമ്പർ 5177/2010/ധന. പ്രകാരം എം.എൽ.എ. മുഖാന്തിരം സ്വരൂപിക്കുന്ന ട്രഷറി ഡെപ്പോസിറ്റ് ഉപയോഗിച്ചുള്ള വികസനപ്രവർത്തനങ്ങൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | ജി.ഒ.(ആർ.റ്റി.) നമ്പർ 5177/2010/ധന. പ്രകാരം എം.എൽ.എ. മാരുടെ സഹകരണത്തോടു കൂടിയുള്ള ട്രഷറി നിക്ഷേപ സമാഹരണത്തിലൂടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഇത്തരം വികസന പദ്ധതികൾക്ക് ആവശ്യമായ ട്രഷറി സമാഹരണം നടത്തുവാൻ സാധിച്ചിട്ടില്ല. ഓരോ നിയോജക മണ്ഡലങ്ങളുടേയും വികസന പ്രവർത്തനങ്ങൾക്കായി ഒരു വർഷം മൊത്തം 5 കോടി രൂപയിൽ കവിയാത്ത മേജർ വർക്കുകൾ ഏറ്റെടുക്കത്തക്കവിധവും 5 വർഷംകൊണ്ട് മൊത്തം 25 കോടി രൂപയുടെ മേജർ വർക്കുകൾ എല്ലാ എം.എൽ.എ മാർക്കും ലഭിക്കത്തക്കവിധവുമുള്ള പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 2012-13-ൽ 705 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ എം.എൽ.എ.മാർ മുഖാന്തിരം സ്വരൂപിക്കുന്ന ട്രഷറി ഡെപ്പോസിറ്റ് ഉപയോഗിച്ചുള്ള വികസനപ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതിക്ക് കാര്യമായ പ്രതികരണം ലഭിക്കാത്തതുകൊണ്ട് പ്രസ്തുത പദ്ധതി പ്രതീക്ഷിച്ച രീതിയിൽ പുരോഗമിച്ചിട്ടില്ല. എന്നാൽ സ.ഉ.(സാധാ) നം. 5177/2010/ധനം ഉത്തരവ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ